**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** **11-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ട്. അതിനായി വിവിധ ബോർഡുകൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ സംയോജനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തികൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകി 20.06.2020 തീയതിയിലെ സ.ഉ(കൈ) നം.35/2020/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്–കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്- കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നിവ ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്- കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായായാണ് ലയിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളത്. കേരള സംസ്ഥാനത്തിലെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഭരണച്ചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളും സേവനങ്ങളും |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുമായാണ് സമാന സ്വഭാവമുള്ളതും സാമ്പത്തികമായി ഞെരുക്കമുള്ളതുമായ ബോർഡുകളെ സംയോജിപ്പിക്കുന്നതിന് തീരുമാനമായത്. ഇതിൻപ്രകാരം ബോർഡുകളുടെ എണ്ണം 11 ആയി കുറയുന്നതാണ്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കുന്ന ബോർഡുകൾക്ക് നിയമനിർമ്മാണം നടത്തുന്നതിനായി കരട് നിയമവും സ്കീമും സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ നിയമപരിഷ്കരണ സമിതി സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംയോജനം നടത്തുന്ന ബോർഡുകളുടെ സഹായവും നിധിയും സംയോജിപ്പിച്ച് ഒറ്റ ബോർഡും നിധിയും ഒരേ സഹായവും ആക്കേണ്ടതുണ്ടോ അതോ സംയോജിപ്പിച്ച ശേഷം പുതിയ ബോർഡിന്റെ കീഴിൽ നിധിയും സഹായങ്ങളും നിലവിലുള്ള അവസ്ഥയിൽ വ്യത്യസ്തമായി നിലനിർത്തണമോ എന്നതും മേൽ ബോർഡുകൾ സംയോജിപ്പിക്കുമ്പോൾ നിലവിൽ നൽകുന്ന സഹായങ്ങൾ സംയോജിക്കപ്പെടുന്ന ബോർഡുകളിൽ പൊതുവായി ഇല്ലാത്ത സാഹചര്യത്തിൽ സഹായം ഏകീകരിക്കുമ്പോൾ ഇരു ബോർഡിനും എല്ലാ സഹായങ്ങളും നൽകുവാൻ സാമ്പത്തികമായി കഴിയുമോ എന്നതും പരിശോധിച്ച് വരുന്നു. നിലവിലെ സഹായങ്ങൾ ഏതെങ്കിലും വിഭാഗത്തിന് ലഭ്യമായി ക്കൊണ്ടിരിക്കുന്നത് നിർത്തലാക്കുക എന്നതും ദുഷ്കരമാണ്. ഇരു ബോർഡുകളുടെയും നിധിയും വിവിധ ക്ഷേമപദ്ധതികളും തികച്ചും വ്യത്യസ്തമായതിനാൽ ഇരു ബോർഡുകളും സംയോജിപ്പിച്ചു കൊണ്ട് നിധിയും ക്ഷേമ പ്രവർത്തനങ്ങളും ഇൻഡിപെൻഡന്റായി തന്നെ തുടരണമോ എന്നും പരിശോധിക്കേണ്ടതുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിച്ച് സംയോജിത രേഖയുടെ കരട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | തൊഴിലാളികൾക്ക് അംഗത്വവും ആനുകൂല്യങ്ങളും നൽകുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ പ്രയോജനപ്രദമാണോ; | (സി) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ഒരു പൊതു സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനായി 25/03/2009 തീയതിയിലെ സ.ഉ. (സാധാ) നം. 443/2009/തൊഴിൽ പ്രകാരം ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 2008-09 കാലയളവിൽ കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള സോഫ്റ്റ് വെയറിൽ എല്ലാ ക്ഷേമനിധി ബോർഡുകളിലെയും രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ ഡാറ്റാ എൻട്രി ചെയ്യുകയും 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇൻറർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയറിന് തുടക്കം കുറിക്കുകയും ചെയ്തു.<br><br>AIIS സോഫ്റ്റ് വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ പ്രവർത്തനസജ്ജമായിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ  ഓഫീസുകൾ മുഖേനയും ട്രേഡ് യൂണിയൻ ഓഫീസുകൾ മുഖേനയും, തൊഴിലാളികൾക്ക് സ്വന്തമായും രജിസ്ട്രേഷൻ നടത്തുവാൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്. ടി സോഫ്റ്റ് വെയറിൽ ഉണ്ടായിരുന്ന അപാകതകൾ ക്ഷേമനിധി ബോർഡുകളുടെ ആവശ്യപ്രകാരം കെൽട്രോൺ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. നിലവിൽ രജിസ്ട്രേഷന് തടസ്സങ്ങളൊന്നുമില്ല.<br><br>ക്ഷേമനിധി ബോർഡ് ഗുണഭോകതാക്കളുടെ ആനുകൂല്യങ്ങൾ ഓൺലൈൻ മുഖേന വിതരണം ചെയ്യുന്നത് AIIS സോഫ്റ്റ് വെയറിന്റെ രണ്ടാംഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>എന്നാൽ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് കെ-സ്മാർട്ടിൽ ഒരു മൊഡ്യൂൾ വികസിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിച്ച് വരുന്നുണ്ട്. ആയതിനാൽ ഭാവിയിൽ AIIS സോഫ്റ്റ്വെയറിലെ തൊഴിലാളികളുടെ വിവരങ്ങൾ കെ- സ്മാർട്ടിലേക്കു ലയിപ്പിക്കുന്ന വിധത്തിലായിരിക്കും AIIS സോഫ്റ്റ് വെയറിന്റെ രണ്ടാംഘട്ടം വികസിപ്പിക്കുന്നത് . |
| (ഡി) | നിലവിലെ അംഗത്വ രജിസ്ട്രേഷൻ നടപടികളുടെയും ആനുകൂല്യ വിതരണങ്ങളുടെയും പുരോഗതി അറിയിക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### 1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. സെസ്സ് പിരിവിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി 14-02-2024-ൽ സ.ഉ(കൈ) 23/2024/എൽ.എസ്ജി.ഡി പ്രകാരം ഉത്തരവായിരുന്നു. NIC വികസിപ്പിച്ച സോഫ്റ്റ്വെയറിലൂടെ സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സെസ്സ് പിരിവ് ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ബോർഡിന്റെ ആനുകൂല്യ വിതരണമടക്കമുള്ളവ ഓൺലൈൻ മുഖാന്തിരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### 2. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

ബോർഡിൽ ക്ഷേമപെൻഷൻ 600/- രൂപയിൽ നിന്നും ഏഴ് തവണയായി വർദ്ധിപ്പിച്ച് നിലവിൽ 1600/- രൂപയാണ് നൽകുന്നത്. തൊഴിലാളികളുടെ മക്കളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിച്ചു. കൂടാതെ സ്കോളർഷിപ്പ് ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ശവസംസ്കാര സാമ്പത്തിക സഹായം, പെൻഷണർ മരണപ്പെട്ടാൽ അവകാശിക്ക് ലഭിക്കുന്ന ശവസംസ്കാര സാമ്പത്തിക സഹായം 1000/- രൂപയിൽ നിന്നും 2500/-രൂപയായും ജോലിയിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ അവകാശിക്ക് ലഭിക്കുന്ന ശവസംസ്കാര സാമ്പത്തിക സഹായം 2000/- രൂപയിൽ നിന്നും 5000/-രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ കണ്ണട അലവാൻസായി തൊഴിലാളികൾക്ക് 1000/- രൂപ വീതവും നൽകി വരുന്നു.

ഭരണചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ കുണ്ടറ ഇൻസ്പെക്ടർ ഓഫീസ് കുണ്ടറ മിനി സിവിൽ സ്റ്റേഷനിലേക്കും, ഇരിങ്ങാലക്കട ഇൻസ്പെക്ടർ ഓഫീസ് , കെ.എസ്സ്.സി.ഡി.സി പുല്ലൂരിലേക്കും ,കായംകുളം ജില്ലാ എക്സിക്യൂട്ടിവ് ഓഫീസും കായംകുളം ഇൻസ്പെക്ടർ ഓഫീസും, കായംകുളം മിനി സിവിൽസ്റ്റേഷനിലേയ്ക്കും ഭരണിക്കാവ് ഇൻസ്പെക്ടർ ഓഫീസ് ശാസ്താംകോട്ട മിനി സിവൽ സ്റ്റേഷനിലേക്കും കൊട്ടിയം ജില്ലാ എക്സിക്യൂട്ടിവ് ഓഫീസും കൊട്ടിയം ഇൻസ്പെക്ടർ ഓഫീസും കണ്ണനല്ലൂരിൽ കെ.എസ്.സി. ഡി ഫാക്ടറിയിലേക്കും മാറ്റി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വസ ക്ഷേമനിധി ബോർഡിൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുഖ്യ കാര്യാലയത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സബ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു.

## 3.കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരും ബോർഡും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-ൽ അംശദായവും ആനുകൂല്യങ്ങളും വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പവർലൂം മേഖലയിലെ തൊഴിലാളികളേയും കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. ബോർഡിൽ നിന്നുള്ള എല്ലാ ആനുകല്യങ്ങളും കാലതാമസം കൂടാതെ നൽകിവരുന്നുണ്ട്.

## 4. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

**അൺ അറ്റാച്ച്ഡ്-** കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലുള്ള 123 ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുക വഴി ആനുകൂല്യ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിലെ പരാതി പരിഹാരം ത്വരിതപ്പെടുത്തുന്നതിനായി ഒരു ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സെൽ സജ്ജമാക്കിയിട്ടുണ്ട്.

ബോർഡിന്റെ രജിസ്റ്റേർഡ് തൊഴിലാളികൾ ചുമട്ടു തൊഴിൽ മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ കണക്കിലെടുത്തു കൊണ്ടും, മാറുന്ന തൊഴിൽ സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടും തൊഴിലാളികളെ സെമി-സ്കിൽഡ് വിഭാഗത്തിലേയ്ക്ക് ചുവടു മാറ്റുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് കയറ്റിറക്ക് മേഖലയിൽ വ്യാപകമായി ഉപയോഗിച്ചു വരുന്ന ഉപകരണങ്ങൾ/മെഷിനറി എന്നിവയിൽ പരിശീലനം നൽകി വരുന്നു. കൂടാതെ ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ പരിശീലന പരിപാടികൾ നൽകി വരുന്നതുമാണ്.

**സ്കാറ്റേർഡ്-** കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം പദ്ധതി കാര്യക്ഷമമാക്കുന്നതിന് തൊഴിലാളികളുടെ ആനുകൂല്യ വർദ്ധനവ് 02.07.2020-മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

## 5. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗമായ സെസ്സിനെതിരെ വ്യാപാരികൾ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ സെസ്സ് പിരിവ് ലഭിക്കുന്നില്ല. തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന അംശദായം മാത്രമാണ് നിലവിൽ ബോർഡിന്റെ ഏക വരുമാന മാർഗ്ഗം. സെസ്സ് പിരിവിനെതിരെയുള്ള സ്റ്റേ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെസ്സ് പിരിവ് ലഭിക്കുന്നമുറയ്ക്ക് ബോർഡിൽ നിന്നും നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 6. **കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബോർഡിലെ വരിക്കാരായ തൊഴിലാളികൾക്ക് നിബന്ധകൾക്ക് വിധേയമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ഭവനം പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്.

## 7. **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

a) കെൽട്രോൺ വികസിപ്പിച്ച ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് റിസപ്ഷൻ പ്ലാറ്റ്ഫോം ആയ KELLY, KIOSK സംവിധാനങ്ങൾ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. ഒന്നിലധികം ബോർഡുകളിൽ അംഗത്വമെടുക്കുന്നത് ഒഴിവാക്കുന്നതിനായി ലേബർ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം കെൽട്രോൺ തയ്യാറാക്കിയ AIIS സോഫ്റ്റ് വെയർ മുഖേന പുതിയ വാഹനങ്ങൾക്കും തൊഴിലാളികൾക്കും ഓൺലൈനായി രജിസ്ട്രേഷൻ നടത്തി അംഗത്വമെടുക്കുന്നതിനുള്ള മോഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

b)ഇ-ഓഫീസിന്റെ പ്രവർത്തനം എല്ലാ ജില്ലാ ഓഫീസിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

c) സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ എന്ന ആശയം ഉൾക്കൊണ്ട്, വാഹന, തൊഴിലാളി രജിസ്ട്രേഷൻ, ക്ഷേമനിധി സമാഹരണം മുതൽ ആനുകൂല്യം വിതരണം വരെയുള്ള അക്കൗണ്ടിംഗ്-ERP ഉൾപ്പെടെയുള്ള ഒരു പുതിയ End to End സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്.

## 8. **കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അംഗങ്ങൾക്ക് ഓൺലൈൻ മുഖേനയുള്ള സേവനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

## 9. **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്തതുമൂലം ആളുകൾ പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് വിമുഖത കാണിക്കുന്നു. ആയത് മൂലം പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കാതെ വരുന്നു. ടി ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിലേക്ക് നൽകിയിട്ടുണ്ട്.

## 10.കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ കണ്ടാലും .

- ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ Locomotor Disability, Dwarfism, Intellectual disability, Mental illness, Autism spectrum disorder, Cerebral palsy, Muscular dystrophy, Chronic Neuological, Dyslexia തുടങ്ങിയ അവസ്ഥയിലുള്ള ഓരോ ജില്ലയിലെയും 10 വീതം കുട്ടികളുടെ ക്ഷേമനിധി അംഗമായ രക്ഷിതാക്കൾക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും, CSIR ഫണ്ട് ലഭ്യമാകുന്നെങ്കിൽ ആയതും കൂടി ഉപയോഗിച്ച്, പ്രതിമാസം 500/- രൂപ വീതം ആനുകൂല്യമായി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.
- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചരിത്രം, നിയമം, ചട്ടങ്ങൾ എന്നിവയിൽ നാളിതുവരെ വരുത്തിയിട്ടുള്ള ഭേദഗതികൾ ക്രോഡീകരിച്ചും, തയ്യൽ തൊഴിലാളികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബോർഡിന്റെ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ചും, ഓഫീസ് നടപടി ക്രമങ്ങളെ സംബന്ധിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ നിന്ന് പുറപ്പെടുവിക്കുന്ന സർക്കുലറുകൾ എന്നിവയും ലളിതമായ ഭാഷയിൽ രേഖപ്പെടുത്തി "ക്ഷേമദർപ്പണം" എന്ന പേരിൽ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
- ബോർഡിൽ തൊഴിലുടമ വിഹിതം സ്വീകരിക്കുന്നതിനുള്ള മോഡ്യൂളും ബോർഡിന്റെ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ബിൽ ജനറേഷൻ മുതൽ ക്യാഷ് ബുക്ക് ഓട്ടോമാറ്റിക് അപ്ഡേഷൻ ആകുന്ന രീതിയിലുള്ള മോഡ്യൂളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ക്ഷേമനിധി ബോർഡിലെ നിലവിലെ വെബ്സൈറ്റിൽ ഉപയോഗിച്ചിരിക്കുന്ന പ്ലഗ്ഗിൻസ്, കംപോണൻസ് എല്ലാം കാലഹരണപ്പെട്ടതിനാൽ വെബ്സൈറ്റിന്റെ പ്രവർത്തനത്തെയും സുരക്ഷിതത്വത്തെയും മെച്ചപ്പെടുത്തുന്നതിനായി ബോർഡിന്റെ വെബ്സൈറ്റ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നവീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

## 11. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- എമർജൻസി റിലീഫ് ഫണ്ട്(ERF)
- ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആവശ്യത്തിന് നൽകുന്ന മുൻകൂർ തുക വർധിപ്പിക്കുന്നത്
- മരണാനന്തര ചടങ്ങുകൾക്കുള്ള തുക വർധിപ്പിക്കുന്നത്
- അവശതാ ധനസഹായം വർദ്ധിപ്പിക്കുന്നത്

- കുടുംബ പെൻഷൻ വർധിപ്പിക്കുന്നത്
- തൊഴിലാളികൾക്ക് അനുവദിക്കുന്ന വായ്പകൾ/മുൻകൂറുകൾക്ക് കാലാനുസൃതമായ മാറ്റം വരുത്തുന്നത്
- തൊഴിലാളി പെൻഷൻ പരിഷ്കരണം
- ബോർഡിനു സ്വന്തമായി ജില്ലാ ഓഫീസ് കെട്ടിടങ്ങൾ പണിയുന്നത്
- സോഫ്റ്റ്വെയർ പരിഷ്കരണം

## 12. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗത്വ വർദ്ധനവ് അടക്കമുള്ള വിശിഷ്ടമായ പുരോപ്രവർത്തനങ്ങൾ സമയബന്ധിതമായി ലക്ഷ്യം കൈവരിക്കുന്നതിന് ജില്ലാതലത്തിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. സോഫ്റ്റ് വെയർ നടപ്പിലാക്കി അംശദായവും ആനുകൂല്യ അപേക്ഷകളും സോഫ്റ്റ് വെയർ വഴി സ്വീകരിച്ചുവരുന്നു, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാധനസഹായം എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടെ അദ്ധ്യയന വർഷം പുതുതായി അഡ്മിഷൻ നേടുന്ന എൽ.കെ.ജി, ഒന്നാം ക്ലാസ് കുട്ടികൾക്ക് പഠനോപാധികൾ വാങ്ങുന്നതിന് 750 രൂപ പ്രത്യേകധനസഹായം അനുവദിച്ചുവരുന്നു.

# അനുബന്ധം – 2

## 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിലെ അംഗത്വ രജിസ്ട്രേഷൻ എ.ഐ.ഐ.എസ് സോഫ്റ്റ് വെയർ മുഖാന്തിരം നടത്തി വരുന്നു. തൊഴിലാളികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ തനത് ഫണ്ട് ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് ബാങ്ക് മുഖാന്തിരം സമയബന്ധിതമായി നൽകി വരുന്നു.

## 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിൽ വകുപ്പിന് കീഴിലുള്ള ഏകീകൃത സോഫ്റ്റ് വെയറിലൂടെ നിലവിൽ അംഗത്വ രജിസ്ട്രേഷൻ വിവരങ്ങളാണ് ചെയ്തുവരുന്നത്. ആനുകൂല്യങ്ങളുടെ വിതരണം DBT സമ്പ്രദായത്തിലാണ് നൽകിവരുന്നത്.

## 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

നിലവിൽ ലേബർ കമ്മീഷണറേറ്റ് മുഖേന കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ രൂപീകരിച്ച എ.ഐ.ഐ.എസ് എന്ന ഏകീകൃത സോഫ്റ്റ് വെയർ മുഖേന ഓൺലൈനായാണ് തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നത്. ടി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ, വിവാഹധനസഹായം, സ്കോളർഷിപ്പ്, മരണാനന്തര സഹായം, ഉന്നതവിദ്യാഭ്യാസം, ചികിത്സ സഹായം എന്നീ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ നൽകിവരുന്നുണ്ട്. പെൻഷൻ, പ്രസവധനസഹായം എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ട്. പെൻഷൻ സർക്കാർ ധനസഹായത്തോടെയാണ് വിതരണം ചെയ്യുന്നത്. നിലവിൽ 2024 നവംബർ മാസം വരെയുള്ള പെൻഷൻ 2025 ഫെബ്രുവരിയിൽ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 3 മാസത്തെ പെൻഷൻ മാത്രമാണ് കുടിശ്ശികയുള്ളത്. സർക്കാരിൽ നിന്ന് പ്രതിപൂരണം ചെയ്ത് തുക ലഭിക്കുന്ന മുറയ്ക്കാണ് പ്രസവധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 4,01,36,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് ലഭിക്കാനുണ്ട്.

## 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡ് മുഖേന വിതരണം ചെയ്യുന്ന പെൻഷൻ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാ സമയം വിതരണം ചെയ്തു വരുന്നു. പെൻഷൻ 2024 നവംബർ മാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളത്. 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്.AIIS സോഫ്റ്റ് വെയർ മുഖേന പുതിയ അംഗത്വ രജിസ്ട്രേഷൻ ചെയ്തുവരുന്നു

**5. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

ബോർഡിൽ നിലവിൽ 20,23,403 അംഗങ്ങളാണുള്ളത്. 18 വയസ്സിനും 60 വയസ്സിനുമകത്തുള്ളവർക്ക് അംഗത്വമെടുക്കാവുന്നതാണ്. തൊട്ട് മുൻപുള്ള 12 മാസത്തിൽ 90 ദിവസമെങ്കിലും കെട്ടിട-മറ്റിതര നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളിയും, മറ്റ് ഏതെങ്കിലും ക്ഷേമ നിധിയിൽ അംഗമല്ലാത്തവരും, സർക്കാർ, അർദ്ധ സർക്കാർ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ ജോലിയില്ലാത്ത ആളുമായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോർഡിൽ നിന്നും നിലവിൽ 31-03-2024 വരെയുള്ള പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2023 വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. AIIS സോഫ്റ്റ് വെയർ മുഖേന പുതിയ രജിസ്ട്രേഷൻ ചെയ്തുവരുന്നു.

**6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വസ ക്ഷേമനിധി ബോർഡിലെ രജിസ്ട്രേഷൻ നടപടികൾ AIIS സോഫ്ററ് വെയർ മുഖേനയാണ് നടത്തുന്നത്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡുവഴി വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങളിൽ പെൻഷൻ, അവശതാ പെൻഷൻ എന്നിവ ഒഴികെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുന്നുണ്ട്. ബോർഡിൽ പെൻഷൻ അവശതാ പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ധനസഹായത്തോടു കൂടിയാണ് നൽകുന്നത്.

**7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

അംശദായം ഓൺലൈനായി അടയ്ക്കുന്നതിനും, ദ്വയാംഗത്വം തടയുന്നതിനും, എല്ലാ ക്ഷേമനിധി ബോർഡുകൾക്കുമായി പൊതുവായി സർക്കാർ രൂപീകരിച്ച അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ വഴിയാണ് അംഗത്വ രജിസ്ട്രേഷൻ പൂർണ്ണമായും നടത്തിവരുന്നത്. ബോർഡിൽ പെൻഷൻ ആനുകൂല്യ ഇനത്തിൽ 2024 ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി എന്നീ 3 മാസങ്ങളിലെ പെൻഷൻ കുടിശ്ശികയാണ് . ആയതു വിതരണം ചെയ്യുന്നതിനു 4,06,67,200/- രൂപ ആവശ്യമാണ്. പെൻഷൻ സർക്കാർ ധനസഹായമുപയോഗിച്ചാണ് വിതരണം ചെയ്യുന്നത്. ബോർഡിൽ നിന്നും വിതരണം ചെയ്യുന്ന മറ്റു ആനുകൂല്യങ്ങളിൽ കുടിശ്ശികയില്ല.

**8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗത്തിന്റെ തൊഴിലാളി രജിസ്ട്രേഷൻ നടപടികളുടെയും ആനുകൂല്യ വിതരണങ്ങളുടെയും പുരോഗതിയ്ക്ക് വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് ആനുകൂല്യഅപേക്ഷകളിൽ നിലവിൽ കുടിശ്ശികയില്ല. ടി തൊഴിലാളികൾക്കു 2024 നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്.

സർക്കാർ ഫണ്ടുപയോഗിച്ചാണ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക പെൻഷൻ വിതരണം ചെയ്തിട്ടുള്ളത് .

**9. <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗത്വ രജിസ്ട്രേഷൻ AIIS സോഫ്റ്റ് വെയർ മുഖേന ചെയ്തുവരുന്നു. ബോർഡിൽ നിന്നും 2024 സെപ്തംബർ മാസം വരെയുള്ള ആനുകൂല്യങ്ങളുടെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. 2024 ഒക്ടോബർ മാസം മുതലുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**10. <u>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</u>**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ തൊഴിൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യുന്നത്. തൊഴിലാളികൾ നേരിട്ട് ബോർഡിൽ അംഗത്വം എടുക്കുന്നില്ല. സ്ഥാപനങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും ആനുകൂല്യ വിതരണം നടത്തുന്നതിനും സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ബോർഡിൽ ലഭിക്കുന്ന അപേക്ഷകൾ (വിദ്യാഭ്യാസ ആനുകൂല്യം ഒഴികെ) പത്ത് ദിവസത്തിനകം തീർപ്പാക്കി നൽകിവരുന്നുണ്ട്.

**11. <u>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിന് ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് ക്യാമ്പ്, സിറ്റിംഗുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ഭവന സന്ദർശനം എന്നിവ നടത്തി വരുന്നു. 2024 വർഷത്തിൽ 475 ക്യാമ്പ് സിറ്റിങ്ങുകളും 416 ഭവന സന്ദർശനങ്ങളും നടത്തിയിട്ടുണ്ട്. 2024 ഡിസംബർ, 2025 ജനുവരി എന്നീ മാസങ്ങളിലായി ആകെ 34,685 തൊഴിലാളികളെ പദ്ധതിയിൽ പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ അർഹമായ ആനുകൂല്യ അപേക്ഷകൾ യഥാസമയം തീർപ്പാക്കി തുക വിതരണം ചെയ്യുന്നു.

**12. <u>കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷനുവേണ്ടി നിലവിൽ എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ബോർഡിൽ ഇതുവരെ 17,30,054 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫെബ്രുവരി മാസം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

## 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

നിലവിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ 22,256 അംഗങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആയതിൽ 8981 സജീവ അംഗങ്ങളാണുള്ളത്. ടി ബോർഡിൽ വിവിധ ധനസഹായങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ ബോർഡ് മീറ്റിംഗിൽ വച്ച് അംഗീകരിച്ച് സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു. AIIS സോഫ്റ്റ് വെയർ മുഖേന പുതിയ രജിസ്ട്രേഷൻ ചെയ്തുവരുന്നു.

## 14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗത്വ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ മുഖാന്തിരമാണ് നടത്തുന്നത്. ബോർഡ് നൽകുന്ന പെൻഷൻ ആനുകൂല്യത്തിനായി സർക്കാരാണ് ഫണ്ട് അനുവദിക്കുന്നത്. സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് അനുവദിച്ച് വരുന്നു. പെൻഷൻ വിതരണത്തോടനുബന്ധിച്ച് മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു. AIIS സോഫ്റ്റ് വെയറിൽ അംഗത്വ രജിസ്ട്രേഷൻ മോഡ്യൂൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

## 15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 20,546 തൊഴിലാളികൾ അംഗങ്ങളായി ഉണ്ട്. രജിസ്ട്രേഷൻ അപേക്ഷ ലഭിക്കുന്ന മുറക്ക് അർഹതയനുസരിച്ച് തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി വരുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നുണ്ട് .

## 16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിലവിൽ 2,60,000 സജീവ അംഗങ്ങൾ ഉണ്ട്. ആനുകൂല്യവിതരണം സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്.